വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതിനെതിരെ നടപടി

69 (4108) ശ്രീ. എ. കെ. മണി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെളിച്ചെണ്ണയ്ക്ക് ഡിമാന്റ് കുറഞ്ഞിട്ടുള്ളതായി വ്യാപാരവൃത്തങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ടോ ;

(ബി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്ന നടപടി സംസ്ഥാനത്തെ വെളിച്ചെണ്ണ വ്യാപാരത്തെ സാരമായി ബാധിക്കുമെന്നതുകൊണ്ട് അത് തടയുവാൻ നടപടി എടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വെളിച്ചെണ്ണയ്ക്ക് ഡിമാന്റ് കുറഞ്ഞിട്ടുള്ളതായി ആരും ചൂണ്ടിക്കാട്ടിയിട്ടില്ല. വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതായി പത്രമാധ്യമങ്ങളിൽ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.

(സി) വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതു തടയുന്നതിനായി "ഭക്ഷ്യ മായം ചേർക്കൽ നിരോധന" വിഭാഗത്തിലെ ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ മായം ചേർത്തതായി കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ കേന്ദ്രഭക്ഷ്യമായം ചേർക്കൽ നിരോധന നിയമമനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി ഈ വർഷം ജനുവരി മുതൽ ശേഖരിച്ച 330 സാമ്പിളുകളിൽ 8 എണ്ണം മായം കലർന്നതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

മായം ചേർക്കുന്നതു സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

കൊപ്രയുടെ താങ്ങുവില

70 (4109) ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിച്ച് കിട്ടാൻ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly